# സാമൂഹ്യ പ്രത്യാഘാത പഠന അന്തിമ റിപ്പോർട്ട്
# കോതമംഗലം ഡംബിംഗ് യാർഡ്

# അന്തിമ റിപ്പോർട്ട്

**31- 10 - 2018**

**സമർപ്പണം**

**ജില്ലാ കളക്ടർ, എറണാകുളം**

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ

എം.എ. കോളേജ് പി.ഒ.
കോതമംഗലം - 686 666
ഫോൺ : 0485 2971222, 9446510628
ysso.net, email: ysso95@gmail.com
നോട്ടിഫിക്കേഷൻ G.O.(P) No.37/2018/RD



# സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്
# കോതമംഗലം ഡംബിംഗ് യാർഡ്

## അന്തിമ റിപ്പോർട്ട്

## സമർപ്പണം

### ജില്ലാ കളക്ടർ, എറണാകുളം

### കോതമംഗലം ഡംബിംഗ് യാർഡ്

**യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ**

**സോഷ്യൽ സർവ്വീസ് സെന്റർ**

**എം.എ. കോളേജ് പി.ഒ.**

**കോതമംഗലം - 686 666**

**ഫോൺ : 0485 2971222, 9645391500**

**ysso.net, email: ysso95@gmail.com**

**നോട്ടിഫിക്കേഷൻ G.O.(P) No. 37/2018/RD**

YOUTH SOCIAL SERVICE ORGANIZATION
Social Service Center
M.A College P.O, Kothamangalam - 686 666, Cochin,Kerala
9446510628 | 0485 2971222 | 9645994000
www.ysso.net | ysso95@gmail.com
YSSO

Social Impact Assessment Unit, YSSO: G.O. (Rt.)No.5182/2017/RD, Govt. of Kerala, Revenue Dept.

## സാക്ഷ്യപത്രം

എറണാകുളം ജില്ലാ ഭരണകൂടം G.O (P) NO. 37/2018/RD, 20-06-2018 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കോതമംഗലം ഡംബിംഗ് യാർഡ് പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് പദ്ധതിക്ക് ആസ്പദമായുള്ള സാമൂഹ്യ പ്രത്യാഘാത പഠനം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ (LA) ജനറൽ, കാക്കനാട് ഓഫീസിൽ നിന്നും, ജില്ലാകളക്ടർ, എറണാകുളം ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളതാണ്. ഇതിനുപുറമേ എസ്.ഐ.എ.യൂണിറ്റ് പദ്ധതി ഭാഗത്തെ പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും തത്പര കക്ഷികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാണ്. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട അധികാരികൾ രേഖാപരിശോധന നടത്തേണ്ടതാകുന്നു.

ചെയർമാൻ, എസ്.ഐ.എ.യൂണിറ്റ്

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

തീയതി : 31-10-2018

സ്ഥലം : കാക്കനാട്

YOUTH SOCIAL SERVICE ORGANIZATION
COLLEGE P.O., COCHIN, KERALA-686 666
REG:112/95
KOTHAMANGALAM

## അദ്ധ്യായം 1 : നിറവേറ്റേണ്ട ചുമതലകളുടെ ചുരുക്കം

1.1. ആമുഖം : പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘുകരിക്കുന്നതിനുള്ള നടപടികളും

## അദ്ധ്യായം 2 : നിറവേറ്റേണ്ട ചുമതലകളുടെ ചുരുക്കം

2.1 ആമുഖം, പദ്ധതിയുടെ ഭരണപരമായ പശ്ചാത്തലം

2.2 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

2.3 പദ്ധതിയുടെ സ്ഥലം വലിപ്പം ചെലവ് മുതലായവ

2.4 ഇതര മാർഗ്ഗങ്ങൾ പരിഗണിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 ആവശ്യമായ തൊഴിൽ ശക്തി

## അദ്ധ്യായം 3 : ടീമിനെ രൂപീകരിക്കുന്നതിനുള്ള സമീപനം, സമ്പ്രദായം സാമൂഹ്യ ആഘാത പഠനത്തിന്റെ സമയക്രമം

3.1 ടീം അംഗങ്ങളുടെ പട്ടിക, യോഗ്യത, വിശദവിവരങ്ങൾ

3.2 പഠനത്തിനുള്ള വിവര ശേഖരണത്തിനു വേ ഉപാധികളും സമ്പ്രദായ രീതീകളും

3.3 മാതൃകകൾ നടത്തിയ രീതി

3.4 വിവര സ്രോതസ്സിന്റ അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിആലോചനകളുടെ വിവരങ്ങൾ

3.6 നടത്തിയിട്ടുള്ള പൊതു വിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം

## അദ്ധ്യായം 4 : സ്ഥലത്തിന്റെ മൂല്യനിർണ്ണയം

4.1 പശ്ചാത്തലം

4.3 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.4 പദ്ധതിക്കാവശ്യമായ ഭൂമി

4.5 പൊതു ഭൂമിയുടെ ആവശ്യകത

4.6 പദ്ധതിക്കുവേ ി ഇതിനോടകം വാങ്ങിയതോ തിരിച്ചിട്ടതോ വാടകയ്ക്ക് എടുത്തതോ ഏറ്റെടുത്തതോ ആയ സ്ഥലം

4.7 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

## അദ്ധ്യായം 5 : അനുമാനക്കണക്കും ബാധിക്കുന്ന കുടുംബങ്ങളുടേയും വസ്തുക്കളുടെയും എണ്ണം

5.1 ആമുഖം, അനുമാനക്കണക്ക്

5.2 നേരിട്ട് ബാധിക്കുന്ന കുടുംബങ്ങൾ

5.3 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വന വാസികളുടെയും കുടുംബം.

5.4 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്ര യിച്ചു കഴിയുന്ന കുടുംബങ്ങൾ

5.5 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളാണോ

5.6 ഏറ്റെടുക്കലിന് മൂന്നുവർഷമോ മുമ്പ് നഗരപ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

5.7 ഏറ്റെടുക്കൽ സ്ഥലം മൂന്ന് വർഷമായി ഉപജീവനമാർഗ്ഗത്തിനായി ആശ്രയി ച്ചിരുന്ന കുടുംബങ്ങളാണോ?

5.8 ആഘാതബാധിത കുടുംബങ്ങൾ

5.9 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

## അദ്ധ്യായം 6 : സാമൂഹ്യ, സാമ്പത്തിക, സംസ്ക്കാരിക അവസ്ഥ

6.1 ജനസംഖ്യാപരമായ വിശദാംശങ്ങൾ

6.2 വരുമാനവും ദാരിദ്ര്യ രേഖയും

6.3 പദ്ധതി ബാധിത കുടുംബങ്ങളുടെ മാസവരുമാനം

6.4 മതാനുസൃതമായ വിഭാഗം

6.5 പദ്ധതി ബാധിതരായ ജനങ്ങളുടെ വൈവാഹികാവസ്ഥ

6.6 കുടുംബ സംവിധാനം

6.7 പദ്ധതി ബാധിത ജനങ്ങളുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ

6.8 ഭൂമിയുടെ ഉപയോഗവും ഉപജീവനവും

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി നിർവ്വഹണ ആസൂത്രണം**

7.1 ആഘാതം കുറക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘുകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം**

8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

**അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ ബഡ്ജറ്റ്**

9.1 പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം-രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം**

11.1 അന്തിമ ഉപസംഹാരം, ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

**സംഗ്രഹം**

**നന്ദി, കടപ്പാട്**

# അനുബന്ധങ്ങൾ


| | |
|---|---|
| അനുബന്ധം 1 (a) | ഗസറ്റ് വിജ്ഞാപനം |
| അനുബന്ധം 1 (b) | ഡ്രാഫ്റ്റ് പബ്ലിഷിംഗ് കോപ്പി |
| അനുബന്ധം 1 (c) | പദ്ധതി അലൈൻമെന്റ് സ്കെച്ച് |
| അനുബന്ധം 2 | അഭിമുഖ പ്രശ്നോത്തരി |
| അനുബന്ധം 3 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ച് വ്യക്തികൾക്കുള്ള നോട്ടിഫിക്കേഷൻ (മംഗളം, മെട്രോ) |
| അനുബന്ധം 4 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ച് ആഘാത ബാധിത കുടുംബങ്ങൾക്കും കമ്പനികൾക്കും നൽകിയ നോട്ടീസ് |
| അനുബന്ധം 5 | പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവരുടെ ലിസ്റ്റ് |

## അദ്ധ്യായം -1

# ആമുഖം

ഹൈറേഞ്ചിന്റെ കവാടം എന്നറിയപ്പെടുന്ന കോതമംഗലം, എറണാകുളം ജില്ലയുടെ ഏറ്റവും കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന നഗരസഭയാണ്. 40.04 ച. കി.മീ. വിസ്തൃതിയുള്ള നഗരസഭയ്ക്ക് വലിപ്പം കൊണ്ട് സംസ്ഥാനത്ത് ആറാം സ്ഥാനമാണുള്ളത്. 2011-ലെ സെൻസസ് അനുസരിച്ച് 38822 ആണ് ജനസംഖ്യ. കുന്നുകളും താഴ്വരകളും ചെരിവുകളും നിരന്ന പ്രദേശങ്ങളും അടങ്ങിയ ഭൂപ്രകൃതിയാണ് നഗരസഭയുടേത്. ഈ പ്രദേശം ഇപ്പോൾ തന്നെ ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. കോതമംഗലം നഗരസഭയുടെ കീഴിൽ 31 വാർഡുകളാണ് ഉൾപ്പെടുന്നത്. കൊച്ചി - ധനുഷ്ക്കോടി ദേശീയ പാതയും, ആലുവ - മൂന്നാർ സംസ്ഥാന പാതയും, നഗരത്തിലൂടെ കടന്നുപോകുന്നു. വലിപ്പമുള്ള നഗരസഭ ആയതിനാൽ മുൻസിപ്പൽ റോഡുകളുടെ ദൈർഘ്യം വളരെ കൂടുതലാണ്. തനത് വരുമാനം തീരെ കുറവുള്ളതും വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്നതുമായ ഒരു നഗരസഭ കൂടിയാണിത്.

നഗരസഭയുടെ കീഴിൽ നിലവിൽ ഒരു ഡംബിംഗ് യാർഡ് ഉ . എന്നാൽ ഇപ്പോൾ അതിന്റെ സ്ഥലപരിമിതി മൂലം ഇപ്പോൾ കൂടുതൽ സ്ഥലം ഏറ്റെടുക്കേ അവസ്ഥയിലാണ്. എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ, കോതമംഗലം വില്ലേജിൽ ഉൾപ്പെടുന്ന 2.4489 ഹെക്ടർ ഭൂമിയാണ് കോതമംഗലം നഗരസഭയുടെ കീഴിൽ വരുന്ന ഡംബിംഗ് യാർഡിനുവേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. സ്ഥലത്തിന്റെ പരിമിതി മൂലം മാലിന്യം അവിടെ കുന്ന് കൂടി കിടക്കുകയാണ്, ജനവാസസ്ഥലം അല്ലാത്തതിനാൽ ഇപ്പോൾ പ്രശ്നം ഇല്ലെങ്കിലും ഭാവിയിൽ ഇത് നീക്കം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ജനങ്ങളുടെ ഇടപെടൽ മൂലം പ്രശ്നങ്ങൾക്ക് വഴി തെളിയും. മഴക്കാലങ്ങളിൽ ഇത് ഒഴുകി താഴെയുള്ള റോഡിലേക്ക് പോകാനുള്ള സാധ്യതയും കണ്ടുവരുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കണ്ടെത്തിയ മാർഗ്ഗമാണ് അതിനോട് ചേർന്നുള്ള സ്ഥലവും ഏറ്റെടുത്ത് ഡമ്പിംഗ് യാർഡിന്റെ പ്രവർത്തനം നല്ല രീതിയിൽ നടത്താൻ കഴിയുകയുള്ളൂ. ഏറ്റെടുക്കുന്ന സ്ഥലമെല്ലാം സ്വകാര്യവ്യക്തികളുടേതാണ്.

സ്ഥലം ഏറ്റെടുക്കുന്നത് മൂലം ഭൂഉടമകളായ സ്വകാര്യവ്യക്തികളേയും പദ്ധതിയുടെ നിർമ്മാണം നേരിട്ടുബാധിക്കുന്നതായി കാണാൻ കഴിയും. എന്നാൽ തന്നെ ഇതൊരു പൊതുവികസന പ്രവർത്തനത്തിനായതിനാൽ വ്യക്തികൾ സ്ഥലം വിട്ടുനൽകേ തായി

വരുന്നു. ഏതൊരു പൊതുവികസന പ്രവർത്തനത്തിനായും സ്ഥലം ഏറ്റെടുക്കുമ്പോൾ പല വ്യക്തികളേയും പ്രതികൂലമായി ബാധിക്കാറു . ഇത്തരത്തിലുള്ള വികസന പ്രവർത്തന ത്തിനായി പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്ന് പോകേണ്ടിവരുകയും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുകയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന് വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാ ശനിയമം RFCTLARR നിയമം 2013 നിഷ്കർഷിച്ചിരിക്കുന്നു. ഇന്ത്യയിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടക്കുമ്പോൾ അതിലെ പൊതുതാൽപ്പ ര്യവും സാമൂഹിക ആഘാതവും നിർണ്ണയിക്കണം എന്ന് ഈ നിയമത്തിലെ വകുപ്പ് 4 നിഷ്കർഷിക്കുന്നു.

## 1.2 സ്ഥലം

പദ്ധതി ബാധിത പ്രദേശം എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കോതമംഗലം വില്ലേജിൽ പെടുന്നു.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

ഈ പദ്ധതിയുടെ ഭാഗമായി 2.4489 ഹെക്ടർ നിലം ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ മാത്രം ഉൾപ്പെടുന്നതാണ്.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

ബാധകമല്ല

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘുകരിക്കുന്നതിനുള്ള നടപടികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നിയമം 2013 വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത ങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും. നിലവിൽ ഭൂമി ഏറ്റെടുക്ക ലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യരയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നിയമം 2013 പ്രകാരം നിർവ്വഹിക്കുന്നതിനാൽ പ്രസ്തുത നിയ മാനുസൃതമായി നൽകേണ്ട തുക താമസം കൂടാതെ വിതരണം ചെയ്യേണ്ടതാണ്.

## പട്ടിക 1.1 സംഭവ്യമായ സാമൂഹിക ആഘാതങ്ങളുടെ വിശകലനവും അവയ്ക്കുള്ള ലഘൂകരണ നടപടികളും

| ക്രമ നമ്പർ | ആഘാതത്തിന്റെ തരം | സ്ഥിതി | നിർദ്ദിഷ്ട ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടൽ | ഉണ്ട് | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യ രയ്ക്കും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക |
| 2. | കെട്ടിടങ്ങൾക്കുണ്ടാകുന്ന നഷ്ടം | ഇല്ല | ബാധകമല്ല |
| 3. | ഉപയോഗയോഗ്യമായ വസ്തുക്കളുടെ നഷ്ടം | ഇല്ല | ബാധകമല്ല |
| 4. | ഉപജീവമാർഗത്തിനുണ്ടാകുന്ന നഷ്ടം | ഉണ്ട് | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യ രയ്ക്കും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക |
| 5. | പൊതുജനോപകാരപ്രദമായ സേവനങ്ങളുടെ നഷ്ടം | ഇല്ല | ബാധകമല്ല |
| 6. | പൊതുഭൂമിക്കുണ്ടാകുന്ന നഷ്ടം | ഇല്ല | ബാധകമല്ല |
| 7. | നാഗരിക സേവനങ്ങൾക്കും പൊതുവസ്തുക്കൾക്കും ഉണ്ടാകുന്ന നഷ്ടം | ഇല്ല | ബാധകമല്ല |
| 8. | സാംസ്ക്കാരിക വസ്തുക്കളുടെ നഷ്ടം | ഇല്ല | ബാധകമല്ല |
| 9. | ദുർബല വിഭാഗങ്ങളുടെ കുടിയൊഴിപ്പിക്കൽ | ഇല്ല | ബാധകമല്ല |
| 10. | മതസ്ഥാപനങ്ങൾ നഷ്ടമാകുന്നവ | ഇല്ല | ബാധകമല്ല |

## അദ്ധ്യായം -2

# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 ആമുഖം:പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കോതമംഗലം വില്ലേജിൽ ഉൾപ്പെട്ട 2.4489 ഹെക്ടർ ഭൂമിയാണ് കോതമംഗലം നഗരസഭയുടെ കീഴിൽ വരുന്ന ഡംബിംഗ് യാർഡിനുവേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. നഗരസഭ ഓഫീസിൽനിന്ന് ഏകദേശം 3 കി.മീ. ദൂരെയുള്ള കുമ്പളത്തുമുറി എന്ന പ്രദേശത്താണ് ഡംബിംഗ് യാർഡ് സ്ഥിതി ചെയ്യുന്നത് 2 ഏക്കറിലാണ്. സ്ഥലപരിമിതി മൂലം ഡംബിംഗ് യാർഡിൽ ഇപ്പോൾ ഖരമാലിന്യങ്ങളുടെ സംസ്കരണം മാത്രമേ നടക്കുന്നുള്ളൂ. അതും അവിടെ സംസ്കരിക്കുക എന്നത് അപര്യാപ്തമായിരിക്കുകയാണ്. ഡംബിംഗ് യാർഡിൽ ഖരമാലിന്യ പ്ലാന്റ് ഷെഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക സംസ്കരിക്കുന്നതിന പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വരുന്നു. നഗരത്തിൽ ഉണ്ടാകുന്ന ഖരമാലിന്യത്തിന്റെ മുന്തിയ പങ്ക് കുടുംബശ്രീ സംവിധാനത്തിലൂടെ സംഭരിച്ച് ഡംബിംഗ് യാർഡിൽ എത്തിക്കുന്നു. മാലിന്യങ്ങൾ കുന്ന് കൂടി കഴിഞ്ഞാൽ മഴ വരുമ്പോൾ ഒഴുകി റോഡിലേക്ക് പോകാൻ സാധ്യതയുണ്ട്. ജനവാസമില്ലാത്ത പ്രദേശമായതിനാൽ സംഘർഷങ്ങൾക്ക് ഇടവരുന്നില്ല. മാലിന്യ സംസ്കരണത്തിന വേണ്ടി നിലവിലുള്ള ഡംബിംഗ് ഗ്രൗണ്ടിന അപര്യാപ്തമായതിനാൽ ചുറ്റുമുള്ള 2.4489 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന അധികതുക നൽകുന്നതിനുവേണ്ടിയും 1,70,00,000 വകയിരുത്തിയിട്ടുണ്ട്.

### 2.2 പദ്ധതിയുടെ സ്ഥലം വലിപ്പം ചെലവ് മുതലായവ

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കോതമംഗലം വില്ലേജിൽപ്പെട്ട കുമ്പളത്തുമുറി എന്ന പ്രദേശത്ത് ആണ് ഏറ്റെടുക്കൽ നടക്കുക.

2.4489 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈ പ്രദേശം ജനവാസ സ്ഥലം അല്ല. ഒരു വ്യക്തിയുടെ തുറസ്സായ ഭൂമിയും ഒരു വ്യക്തിയുടെ വരുമാനമാർഗ്ഗവുമായിട്ടുള്ള (റബ്ബർ കൃഷി) ഭൂമിയുമാണ് ഏറ്റെടുക്കുന്നത്.

### 2.3 പരിഗണിക്കപ്പെട്ട ബദൽ മാർഗ്ഗങ്ങൾ

ബാധകമല്ല

### 2.4 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

ഇപ്പോൾ ഏറ്റെടുക്കുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

### 2.5 ആവശ്യമായ തൊഴിൽ ശക്തി

ബാധകമല്ല

### 2.6 അടിസ്ഥാന രൂപ രേഖയുടെ പ്രത്യേകത, വലിപ്പം, സൗകര്യങ്ങളുടെ തരംതിരിവ്

പഠനം ആവശ്യമായി വരുന്നില്ല.

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തേ തില്ല.

### 2.8 പരിസ്ഥിതി ആഘാതം വിലയിരുത്തൽ

പഠനം ആവശ്യമായി വരുന്നില്ല.

### 2.9 ബാധകമായ നിയമങ്ങളും ചട്ടങ്ങളും

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 (കേന്ദ്രനിയമം)
- കേരള സർക്കാർ റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കലിൽ നഷ്ട പരിഹാരത്തിനും സുതാര്യ തയ്ക്കുമുള്ള നയം
- വിവരാവകാശ നിയമം 2005

### അദ്ധ്യായം -3

# പഠന സംഘം, പഠനസമീപനം, പദ്ധതി ശാസ്ത്രം

## പശ്ചാത്തലം

എറണാകുളം ജില്ലാ ഭരണകൂടം 20.6.18 പുറപ്പെടുവിച്ച G.O.(P) No. 37/2018/RD കോതമംഗലം ഡംബിംഗ് യാർഡ് നിർമ്മാണ പ്രവർത്തന മേഖലയിലെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ നിയോഗിച്ചു.

പദ്ധതി ബാധിത പ്രദേശത്തെ വ്യക്തികളുടെ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ കൊണ്ടുള്ള ഉദ്ദേശം. നിലവിലുള്ള പ്രക്രിയയ്ക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനായി പ്രാഥമികവും ദ്വീതീയവുമായ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ ക്രമാനുഗതമായി ശേഖരിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ ഭാഗമായി നിർദ്ദിഷ്ട പദ്ധതി ബാധിത മേഖലയിലെ പ്രത്യാഘാതങ്ങളെക്കുറിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിലെ പരിചയസമ്പന്നരായ അംഗങ്ങൾ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തി.

## 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിന്റെ അദ്ധ്യക്ഷനായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ - സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവസമ്പത്തുള്ള 8 അംഗ സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനുവേണ്ടിയുള്ള വിവര ശേഖരണവും ഏകോപനവും നടത്തിയത്. വികസന/നിയമ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യു വകുപ്പിലെ ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോർജ്ജ് ജോസഫ് | ടീം ലീഡർ, MBA വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തി പരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | പി.സി. ജോസ് | റിസർച്ച് അസോസിയേറ്റ്, MSW വികസനമേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷോളി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 5 വർഷത്തെ പ്രവർത്തി പരിചയം |
| 6. | നിതിൻ പി.എസ്. | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 1 വർഷത്തെ പ്രവർത്തി പരിചയം |

## 3.2 പഠനത്തിനുള്ള വിവരശേഖരണത്തിനുവേണ്ട ഉപാധികളും സമ്പ്രദായരീതികളും

ജനങ്ങളുടെ ഭൗതീകമോ സാമ്പത്തികമോ ആയ കുടിയൊഴിപ്പിക്കലിന് കാരണമായിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ നടത്തുകയും അതിനാവശ്യമായ പുനരധിവാസപദ്ധതി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. പദ്ധതി മൂലം നഷ്ടപ്പെടുന്ന ഉപജീവനമാർഗ്ഗം അതിൽ കുറയാത്ത രീതിയിൽ തന്നെ പദ്ധതി നിർവ്വഹണത്തിന് ശേഷം പുനസ്ഥാപിക്കപ്പെട്ടുവെന്ന് സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ രൂപരേഖ തയ്യാറാക്കുമ്പോൾ പഠനം സംഘം ചില ആവശ്യ ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അവയാണ്. 1. പദ്ധതിയുടെ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അറിവ്. 2. ഏറ്റെടുക്കലും അതിന്റെ നഷ്ടപരിഹാരവും സംബന്ധിച്ചുള്ള നിയമപരമായ വിവരങ്ങളെക്കുറിച്ചുള്ള അറിവ്.

റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ അലൈൻമെന്റ് ഡ്രോയിംഗിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതി മൂലം ബാധിക്കപ്പെടുന്ന സ്ഥലത്തിന്റെ വിവരം യഥാർത്ഥ സാമൂഹ്യ -സാമ്പത്തിക സർവ്വേയ്ക്ക് മുമ്പ് മനസ്സിലാക്കുവാൻ സാധിച്ചു. പദ്ധതി ബാധിതരുമായി നേരിട്ട് നടത്തിയ അഭിമുഖങ്ങൾ വഴിയാണ് സർവ്വേ നടത്തിയത്.

പ്രസ്തുത അഭിമുഖത്തിലൂടെ ഭൂമിയുടെ അളവും തരവും രേഖപ്പെടുത്തി. നിയമപരമായ രേഖകലുടെ സഹായത്തോടെ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിച്ചു. ഈ അഭിമുഖത്തിൽ പദ്ധതി ബാധിത കുടുംബത്തിന്റെ വിവരങ്ങൾ. നിയമപരമായ രേഖകൾ, സാമൂഹികമായ വിവരങ്ങൾ, കുടുംബത്തിന്റെ ചിലവുകളെക്കുറിച്ചുള്ള വിവരങ്ങൾ, സ്വയം തൊഴിൽപരമായ കാര്യങ്ങൾ ജോലിയുടെ രീതി, മുതലായ കാര്യങ്ങൾ ശേഖരിച്ചു. ചോദ്യാവലിയിൽ പ്രധാന മായും പ്രീ-കോഡ് ചെയ്ത ചോദ്യങ്ങളാണ്. എന്നാൽ ചുരുക്കം ചില ചോദ്യങ്ങൾ അവ രുടെ അഭിപ്രായങ്ങൾ ശേഖരിക്കുവാൻ കൂടി ഉതകുന്ന തരത്തിലുള്ളതാണ്. ചോദ്യാവലി പൂരിപ്പിക്കുന്നതിന മുമ്പ് തന്നെ ലഭ്യമായ തിരിച്ചറിയൽ രേഖകളും ആവശ്യ രേഖകളും പരി ശോധിച്ച് അവർ പദ്ധതി ബാധിത പ്രദേശത്തുള്ളവരാണ് എന്ന് ഉറപ്പുവരുത്തി.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോ ചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠ നത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ചിത്രം 3.3 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

## ഘട്ടം 1 സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARRനിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

### ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം

| പദ്ധതി ബാധിത കുടുംബങ്ങൾ/ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

**ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും**

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെ ഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെ ലഭിച്ച വിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമ സാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട സമർപ്പിക്കൽ |

## 3.4 മാതൃകകൾ നടത്തിയ രീതി

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ അവസ്ഥകളെക്കുറിച്ചും മനസ്സിലാക്കുവാൻ സാധിച്ചു.

പദ്ധതി പ്രത്യക്ഷത്തിൽ ബാധിക്കുന്നവരുമായി ചർച്ചകൾ നടത്തുകയും പദ്ധതിയുടെ പ്രതികൂലമായ സാമൂഹിക പ്രത്യാഘാതം കുറയ്ക്കുന്ന തരത്തിലുള്ള അഭിപ്രായങ്ങളെയും കാഴ്ചപ്പാടുകളെയും കുറിച്ച് ആരായുകയും ചെയ്തു. വിവരങ്ങൾ ശേഖരിക്കുന്നതിനായി അനൗപചാരിക സംഭാഷണങ്ങൾ സ്വകാര്യ കൂടിയാലോചന ആഴത്തിലുള്ള വ്യക്തിഗത അഭിമുഖം എന്നീ മാർഗങ്ങൾ ഉപയോഗിച്ചു.

## 3.5 വിവരസ്രോതസ്സിന്റെ അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കു ന്നതിന് മുൻപ് സാമൂഹ്യസാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും നടത്തി കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി. 20/ 07/ 2018 ന് സംഘം സ്ഥലം സന്ദർശിക്കുകയും പദ്ധതി രൂപരേഖയിൽ ഉൾപ്പെട്ട പ്രദേശങ്ങൾ വ്യക്തമായി

മനസ്സിലാക്കുകയും അതിനുശേഷം പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുമായി പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും അവരിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കുവാൻ ആയി യോഗം നടത്തുകയും ചെയ്തു. 2018 ജൂലൈ മാസം വിവരങ്ങൾ ശേഖരിച്ചു.

## 3.6 പദ്ധതി ബാധിത പ്രദേശം സന്ദർശനവും പദ്ധതി വിവരപ്രചരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന മുമ്പ് സാമൂഹ്യ - സാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും നടത്തുകയും ചെയ്തു. കൂടാതെ പദ്ധതി ബാധിതരുമായ സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖ സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി.

20.7.18ന സംഘം പ്രശ്ന ബാധിത പ്രദേശം സന്ദർശിക്കുകയും പദ്ധതി രൂപരേഖയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും ചെയ്തു. അതിനുശേഷം പ്രശ്നബാധിത പ്രദേശത്തെ ജനങ്ങളുമായി പദ്ധതിയെക്കുറിച്ച് സംസാരിക്കുകയും അവരിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കുകയും ചെയ്തു. 2018 ജൂലൈ മാസത്തിൽ സംഘം വിവരങ്ങൾ ശേഖരിച്ചു.









## 3.7 തൽപരകക്ഷികളുമായുള്ള ആലോചനകളുടെ വിവരങ്ങൾ

കോതമംഗലം താലൂക്ക്, കോതമംഗലം വില്ലേജിൽ ഉൾപ്പെടുന്നവ.

| ക്രമ നമ്പർ | വ്യക്തിയുടെയും/ കുടുംബത്തിന്റെ പേരും വിലാസവും | സർവ്വേ നമ്പർ | വിശദീകരിച്ച സാഹചര്യം | ഉന്നയിച്ച പ്രശ്നങ്ങൾ/ ആവശ്യങ്ങൾ | അർത്ഥ നാധികാരിക ൾ നൽകിയ മറുപടി |
|---|---|---|---|---|---|
| 1. | ജൂഡ് ജോസഫ്, പെരുമ്പിള്ളിച്ചി, ഒന്നാംമൈൽ, കോതമംഗലം, കേരളം - 686666 | 959/1 m/2/2 | | പദ്ധതിബാധിത പ്രദേശമായി വന്നിരിക്കുന്നത് അദ്ദേഹത്തിന്റെ തുറസ്സായ സ്ഥലം ആണ്. ഒന്നരവർഷം മുമ്പ് സ്ഥലം വിട്ടു കൊടുക്കാം എന്ന് പറഞ്ഞ് സമ്മതപത്രം കൊടുത്തിട്ടുണ്ട്. ഇതു വരെ ഒരു നടപടിക്രമങ്ങളും ഉണ്ടായിട്ടില്ല. അന്ന് സമ്മതിച്ച തുകയിൽ ഇപ്പോൾ തൃപ്തരമല്ല. കാലതാമസം വന്നതുകാരണം ന്യായമായ നഷ്ടപരിഹാരതുക കിട്ടണം എന്നാണ് അഭിപ്രായം. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമ പ്രകാരമുള്ള നഷ്ടപരിഹാരത്തിന അർഹതയുണ്ട്. |
| 2. | ഭരതൻ/പ്രസന്ന, അഷ്ടപദി വീട്, പവ്വത്തിൽ റോഡ്, അയ്യപ്പൻകാവ് | 959/1 m/2/2 | | പദ്ധതി ബാധിത പ്രദേശമായി വന്നിരിക്കുന്നത് ഈ കുടുംബത്തിന്റെ ഉപജീവന മാർഗ്ഗമായ റബ്ബർ കൃഷി ചെയ്യുന്ന ഭൂമി ആണ്. ഒന്നരവർഷം മുമ്പ് ഇവരും സ്ഥലം വിട്ടുകൊടുക്കാൻ സമ്മതപത്രം കൊടു | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപ |

| | | | | | |
|---|---|---|---|---|---|
| | | | | ത്തിട്ടുണ്ട്. ഇതുവരെ തീരുമാനം ആകാത്ത കാരണം അന്ന് കൊടുത്ത സമ്മതപത്രത്തിലെ തുകയുടെ കാര്യത്തിൽ ഇപ്പോൾ അവർ തൃപ്തരല്ല. ഈ പ്രദേശം രണ്ടു പേരുടെ പേരിലുള്ള താണ്. ന്യായമായ രീതിയിൽ എല്ലാം ഉൾക്കൊള്ളിച്ചുള്ള നഷ്ടപരിഹാരം കിട്ടണം എന്നാണ് അഭിപ്രായം. | നത്തിനുമുള്ള നിയമ പ്രകാരമുള്ള നഷ്ടപരിഹാരത്തിന അർഹതയുണ്ട്. |

## നടത്തിയിട്ടുള്ള പൊതു വിസ്താരത്തിന്റെ ചുരുങ്ങിയ വിവരണം

കോതമംഗലം ഡംപിങ്ങ് യാർഡിന്റെ പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോതമംഗലം താലൂക്കിലെ കോതമംഗലം വില്ലേജിൽ സർവ്വെ നമ്പർ 959/1എം/2/2 ൽ ഉൾപ്പെട്ട ഭൂവുടമകളും അധികാരികളുമായുള്ള പബ്ലിക്ഹിയറിംങ്ങ് 2018 ഒക്ടോബർ 5-ാം തീയതി രാവിലെ 10.30 മണിക്ക് കോതമംഗലം മുൻസിപ്പൽ ഹാളിൽവച്ച് നടത്തി.

എൽ.എ ഓഫീസിൽനിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ (കാക്കനാട്) ശ്രീ. ജോസഫ് കെ.ഒ, റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. ബി. സുജാത, എൽ.ഡി.സി ശ്രീമതി അജ്ഞലി പി.ആർ, സർവ്വെയർ ശ്രീ. പ്രവീൺകുമാർ പി.ആർ, ശ്രീ. ജി. സുനിൽ (എഫ്, ജി.എസ്) വാല്യുവേഷൻ അസിസ്റ്റന്റ് ശ്രീ. രജ്ഞിത്ത് ജോർജ് എന്നിവർ പങ്കെടുത്തു.

കോതമംഗലം താലൂക്ക് ഓഫീസിൽനിന്നും ഡപ്യൂട്ടി തഹസിൽദാർ ശ്രീ.ഉണ്ണികൃഷ്ണൻ ടി. കെ കോതമംഗലം വില്ലേജ് ഓഫീസിൽനിന്നും ശ്രീ. ഷാനസ് കെ അസീസ് (വി.എ )കോതമംഗലം മുൻസിപ്പാലിറ്റിയിൽനിന്നും സെക്രട്ടറി ശ്രീമതി കവിത എസ് കുമാർ, വൈസ് ചെയർമാൻ ശ്രീ ജോർജ്, പ്ലാൻ ക്ലർക്ക് ശ്രീ. ബൈജു എം.ഡി, കൗൺസിലറായ

ശ്രീമതി ഹെലൻ ടെറസ് എന്നിവരും പങ്കെടുത്തു. കൂടാതെ ഭൂവുടമകളായ ജൂഡ്, ഭരതൻ, പ്രസന്നഭരതൻ എന്നിവരും യൂത്ത് സോഷ്യൽ സർവ്വീസ് പഠനസംഘം അംഗങ്ങൾ തുടങ്ങിയവരുൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു.

പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്ത ഭൂവുടമകൾ അവരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളുടെമുമ്പാകെ അവതരിപ്പിച്ചു. യൂത്ത് സോഷ്യൽ സർവ്വീസ് പഠന സംഘത്തിലെ അംഗമായ ശ്രീമതി സവിത സജീഷ് റിപ്പോർട്ട് അവതരിപ്പിച്ചു. കോതമംഗലം വില്ലേജിലെ സർവ്വേ നമ്പറിൽ 959/ 1M/2/2 ൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശമായി വന്നിരിക്കുന്നത്. ഇതിൽ ഒരു വ്യക്തിയുടെ തുറസ്സായ സ്ഥലമാണ് നഷ്ടമാകുന്നത്. ഒന്നര വർഷം മുമ്പ് സ്ഥലം വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. ടിയാൾക്ക് ആകെയുള്ള സ്ഥലമാണിത്. കാല താമസം വന്നതുകൊണ്ട് ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് ടിയാൾ ബന്ധപ്പെട്ട അധികാരികളോട് പറഞ്ഞു. മറ്റൊരു വ്യക്തിയുടെ പദ്ധതി പ്രദേശമായി ഈ കുടുംബത്തിന്റെ വരുമാനമാർഗ്ഗമായ റബ്ബർകൃഷിയാണ്. ടിയാൾക്ക് ആകെയുള്ള സ്ഥലമാണ് ടിയാളുടെ ഭാര്യയുടെയും പേരിലുള്ള സ്ഥലമാണിത്. ഒന്നരവർഷം മുമ്പ് സമ്മതപത്രം ഒപ്പിട്ടു കൊടുത്തിട്ടുള്ളതാണ്. കാലതമാസം നേരിടുന്നതുകൊണ്ട് അന്ന് കൊടുത്ത തുകയുടെ കാര്യത്തിൽ ഇവർ തൃപ്തരല്ല. ന്യായമായ രീതിയിൽ നഷ്ടപരിഹാരം നൽകണമെന്ന് ബന്ധപ്പെട്ട അധികാരികളോട് പറഞ്ഞു.

എൽ. എ ആക്ട് പ്രകാരം പബ്ലിക് ഹിയറിങ്ങ് രേഖപ്പെടുത്തി എസ്.ഐ.എ റിപ്പോർട്ട് കളക്ടർക്ക് കൊടുത്തതിനശേഷം എക്സ്പോർട്ട് കമ്മിറ്റിയും കഴിഞ്ഞ് കളക്ടറാണ് അന്തിമ തീരുമാനം നടപ്പിലാക്കുന്നതെന്നും 5 കിലോമീറ്റർ ചുറ്റളവിലുള്ള 12 ആധാരങ്ങൾ പരിശോധിച്ച് അതിൽനിന്നും 6 ആധാരങ്ങളുടെ ആവറേജ് കണ്ട് ഏറ്റവും ഉയർന്ന വിലയുള്ള ആധാരങ്ങളും ഫെയർ വാല്യു എടുത്ത് ആ വില നോക്കിയാണ് നഷ്ടപരിഹാരം നൽകുന്നതെന്നും നിയമത്തിന്റെ എല്ലാ ആനുകൂല്യങ്ങളും കക്ഷികൾക്ക് ലഭിക്കുമെന്നും സ്പെഷ്യൽ തഹസിൽദാർ (എൽ. എ) അറിയിച്ചു. ഈ പദ്ധതി മുന്നോട്ട് പോകുന്നതിന ഭൂവുടമകളുടെ സഹകരണം അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ആദ്യത്തെ സമ്മതപത്രം അനുസരിച്ചുള്ള നഷ്ടപരിഹാരതുകയിൽ ഭൂവുടമകൾ തൃപ്തരല്ലായെന്നും അതിൽകൂടുതലുള്ള തുക ഭൂവുടകൾ ആവശ്യപ്പെട്ടതിന മറുപടിയായി അതിൽ കൂടുതൽ തരാൻ മുൻസിപ്പാലിറ്റിക്ക് ആസ്തിയില്ലെന്ന് വൈസ് പ്രസിഡന്റ് അറിയിച്ചു. മുൻസിപ്പാലിറ്റിക്ക് ഫണ്ട് കുറവാണെന്നും ബാധ്യതയുണ്ടെന്നും അദ്ദേഹം അറിയിച്ചു.

മാലിന്യസംസ്ക്കരണം ജനങ്ങളുടെ പ്രധാനപ്പെട്ട ആവശ്യകതയാണെന്നും എത്രയും പെട്ടെന്ന് തന്നെ ഡംപിങ്ങ് യാർഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ ഭൂവുടമകൾ സഹകരിക്കണമെന്നും . കൂടുതൽ തുക കിട്ടണമെന്ന് ആവശ്യപ്പെട്ട് ഭൂവുടമകൾ മുമ്പോട്ട് പോവുകയാണെങ്കിൽ ഈ പദ്ധതി മുൻസിപ്പാലിറ്റി ഉപേക്ഷിക്കുമെന്ന് വൈസ് പ്രസിഡന്റ് കൂട്ടിച്ചേർത്തു.

ഭൂവുടമകളുടെ തീരുമാനം എന്താണ് എന്ന് മുൻസിപ്പാലിറ്റിയെ അറിയിക്കാം എന്ന് കക്ഷികൾ അറിയിച്ചു.






## അദ്ധ്യായം -4

# സ്ഥലത്തിന്റെ മൂല്യനിർണ്ണം

### പശ്ചാത്തലം

പദ്ധതി ബാധിക കുടുംബങ്ങളെ ഉൾപ്പെടുത്തികൊണ്ട് 2018 ജൂലൈ മാസത്തിൽ SIA Unit പദ്ധതി പ്രദേശത്ത് സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തപ്പെടുകയുണ്ടായി. പദ്ധതി ബാധിത വ്യക്തികളുടെ വരുമാനം, ഉപജീവനമാർഗ്ഗം എന്നിവയെ നിർദ്ദിഷ്ടപദ്ധതി എങ്ങനെ ബാധിക്കാം എന്ന് ഈ സർവ്വേയിലൂടെ മനസ്സിലാക്കാൻ സാധിച്ചു. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയാണ് ഇതിനായി ഉപയോഗിച്ചത്. പദ്ധതി ബാധിത കുടും ബങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഘടന, വസ്തുവകകളുടെ തരം, സ്വത്തിൻമേലുള്ള അവകാശം, എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം, അതിന്റെ വ്യാപ്തി ബാധി ക്കുന്ന വസ്തുക്കളുടെ വിവരങ്ങൾ എന്നിവ നിർണ്ണയിക്കുകയായിരുന്നു ഈ സർവ്വേയുടെ ലക്ഷ്യം. സർവ്വേയുടെ പ്രധാന കണ്ടെത്തലുകളും പ്രശ്നത്തിന്റെ വ്യാപ്തിയും താഴെ ചേർക്കുന്നു.

### 4.1 പദ്ധതിയുടെ സ്വാധീനംമൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതി നിർവ്വഹണത്തിനായി 2.4489 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമാണ്. പദ്ധതി ബാധിത പ്രദേശമായി വരുന്നത് 2 പേരുടെ വസ്തുക്കളാണ്. ഒരു ആളുടെ ഉപജീവനമാർഗ്ഗം നഷ്ടമാ കുന്നു. ബാക്കി വരുന്ന പദ്ധതി പ്രദേശം തുറസ്സായ പ്രദേശങ്ങളും ഉൾപ്പെടുന്നു.

## വസ്തു വിവര പട്ടിക (നിർദ്ദിഷ്ടപദ്ധതിയുടെ ഭൂപടം




### 4.2 പദ്ധതിക്കാവശ്യമായ ഭൂമി

നിർദ്ദിഷ്ട പദ്ധതിക്കായി കോതമംഗലം ഡബ്ബിംഗ് യാർഡിന്റെ നിർമ്മാണത്തിന 2.4489 ഹെക്ടർ ആണ് ആവശ്യമായിരുന്നത്. പ്രസ്തുത പദ്ധതി സ്ഥലം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളത് മാത്രമാണ്.

### 4.3 പൊതുഭൂമിയുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതി മൂലം പൊതുഭൂമിക്ക് തടസ്സം സംഭവിക്കുന്നില്ല.

### 4.4 പദ്ധതിക്കുവേ ി ഇതിനോടകം വാങ്ങിയതോ, തിരിച്ചിട്ടതോ വാടകയ്ക്കെടുത്തതോ, ഏറ്റെടുത്തതോ ആയ സ്ഥലം

പദ്ധതിപ്രദേശത്ത് ഇത്തരത്തിലുള്ള ഭൂമി ഉൾപ്പെടുന്നില്ല.

### 4.5 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

വിവരദാതാക്കളിൽ നിന്ന് ലഭിച്ച വിവര പ്രകാരം പദ്ധതി പ്രദേശത്ത് കഴിഞ്ഞ 3 വർഷമായി വ്യവഹാരങ്ങൾ ഒന്നും നടന്നിട്ടില്ല.

## അദ്ധ്യായം -5

# കണക്കാക്കലും ഗണനവും

### 5.1 ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന ആഘാതത്തിന്റെ അളവും നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുന്നത്.

### 5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

പദ്ധതി ബാധിത പ്രദേശങ്ങളിൽ ഒന്ന് തുറസ്സായ സ്ഥലവും മറ്റൊന്ന് കൃഷി ചെയ്തിരുന്ന സ്ഥലവും ഇതിൽ ഉൾപ്പെടുന്നു.

### 5.3 പദ്ധതിയുടെ പരോക്ഷമായ പ്രത്യാഘാതം

പ്രസ്തുത പ്രദേശത്ത് തുറസ്സായ സ്ഥലവും കൃഷി ചെയ്തിരുന്ന സ്ഥലവും ഉൾപ്പെടുന്നുണ്ട്. കൃഷി ചെയ്തിരുന്ന സ്ഥലത്തെ വരുമാനം നഷ്ടമാകുന്നത് മൂലം ഒരു വ്യക്തിയുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നു. ഈ പദ്ധതിയിൽ കുടുംബം നഷ്ടപ്പെടുന്നവർ ഉൾപ്പെടുന്നില്ല.

### 5.4 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വന നിവാസികളുടെയും കുടുംബം

പദ്ധതി ബാധിത പ്രദേശത്ത് ഈ കുടുംബങ്ങൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല.

### 5.5 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ

ബാധകമല്ല.

### 5.6 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടെതാണോ?

പദ്ധതി ബാധിത പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.

### 5.7 ഏറ്റെടുക്കലിന് മൂന്നു വർഷമോ അതിലധികമോ മുമ്പ് നഗരപ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

ബാധകമല്ല

### 5.8 ഏറ്റെടുക്കൽ സ്ഥലം മൂന്ന് വർഷമായി ഉപജീവനമാർഗ്ഗത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ

ഒരു കുടുംബം ഉപജീവമാർഗ്ഗത്തിനായി പദ്ധതിബാധിത പ്രദേശത്തെ ആശ്രയിക്കുന്നവരാണ്.

### ആഘാത ബാധിത കുടുംബങ്ങൾ

### 5.9 വസ്തു കൈവശമായതിന്റെ ഉടമസ്ഥതയുടെ കാലാവധി

| ക്രമനമ്പർ | സർവ്വേ നമ്പർ | ഉടമസ്ഥതയുടെ കാലാവധി |
|---|---|---|
| 1 | 959/1m/2/2 | 27 വർഷം |
| 2 | 959/1m/2/2 | 18 വർഷം |

### 5.6 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

